# ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

# പ്രചോദനത്തിന്റെ അഗ്നി

# Y M G H S KOLLENGODE








# യോഗിനിമാതാ ഗേൾസ് ഹൈ സ്കൂൾ

കൊല്ലങ്കോട് ദേശത്തെ പെൺകുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനും,ഉന്നമനത്തിനുമായി കൊല്ലങ്കോട് വെങ്ങുനാട് കോവിലകത്തെ ധാത്രി വലിയറാണി ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് ധാത്രി സ്കൂൾ എന്നറിയപ്പെടുന്ന യോഗിനിമാതാ ഗേൾസ് ഹൈ സ്കൂൾ.1989-ൽ ആലത്തൂർ സിദ്ധാശ്രമം ഇതിൻെറ ഉടമസ്ഥാവകാശം ഏറ്റെടുക്കുകയും. യോഗിനിമാതാ ഗേൾസ് ഹൈസ്കൂൾ എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തു.പ്രീ പ്രൈമറി മുതൽ പത്താം തരംവരെ ഏകദേശം 1380 ഓളം കുട്ടികൾ ഇന്ന് ഇവിടെ പഠിക്കുന്നുണ്ട്.പാഠ്യപ്രവർത്തനങ്ങളോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും ഈ വിദ്യാലയം ഉന്നതനിലവാരം പുലർത്തി വരുന്നു.വർഷങ്ങളായി എസ്.എസ്.എൽ.സി വിജയശതമാനത്തിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം കൈവരിക്കാൻ സാധിക്കുന്നുണ്ട്.കബഡി,വോളിബോൾ തൈക്കോണ്ടോ മുതലായ കായികമത്സരങ്ങളിൽ.ദേശീയ നിലവാരമുള്ള കായികതാരങ്ങളെ വാർത്തെടുക്കാൻ ഈ സ്ഥാപനത്തിലെ അദ്ധ്യാപകരുടെ ചിട്ടയായ പരിശീലനം കൊണ്ട് സാധിച്ചിട്ടുണ്ട് എന്ന വസ്തുത ഏറെ ശ്രദ്ധേയമാണ്.കൂടാതെ സംസ്ഥാന കലോത്സവ വേദികളിലും,ശാസ്ത്രമേള,സാമൂഹ്യശാസ്ത്രമേള,ഗണിതമേള,

പ്രവർത്തിപരിചയ മേള എന്നീ വേദികളിലും ഞങ്ങളുടെ വിദ്യാർത്ഥിനികൾ ശ്രദ്ധേയമായ പ്രകടനം കാഴ്ചവെക്കാറുണ്ട്.

രാജകീയ പ്രൗഢി ഒട്ടും ചോരാതെ നിലനിർത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായ ഒരു സ്ഥാനം കൈവരിക്കാൻ ഈശ്വരാനുഗ്രഹത്താൽ യോഗിനിമാതാ ഗേൾസ് ഹൈ സ്കൂളിന് സാധിച്ചിട്ടുണ്ട് എന്ന വസ്തുത സന്തോഷപൂർവ്വം അറിയിച്ചുകൊണ്ട് ഞങ്ങളുടെ വിദ്യാർത്ഥിനികളുടെ ഒരു എളിയ

സംരംഭമായ ഈ ഡിജിറ്റൽ മാഗസിൻ വിനയപൂർവ്വം

സമർപ്പിക്കുന്നു.

# ആശംസകളോടെ......



പൊതുവിദ്യാഭ്യാസ
സംരക്ഷണ
യജ്ഞത്തിലൂടെ
കടന്നുപോവുന്ന പുതുതലമുറയിലെ
വിദ്യാർത്ഥികൾക്ക് അവരുടെ കലാപരമായ
കഴിവുകളെ കംപ്യൂട്ടർ വൽക്കരണത്തിലൂടെ
വളർത്തിയെടുക്കാൻ സാധിക്കട്ടെ എന്ന്
ആശംസിക്കുന്നു.......

എന്ന്,
ജി.കെ.ഹേമലത

(എച്ച്.എം)

# കായിക നേട്ടങ്ങൾ

വോളീബോൾ ജൂനിയേഴ്സ്



സബ്ജില്ലാ കിരീടം



വോളീബോൾ  സീനിയേഴ്സ്



സ്കൂൾ കബഡി ടീം



സ്റ്റേറ്റ്  റണ്ണറപ്പ്



# സ്കൂൾ കലോത്സവം2019


























# സ്കൂൾ അദ്ധ്യാപകർ



# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-20



# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-21




# ലിറ്റിൽ കൈറ്റ്സ് സബ്ജില്ല താരങ്ങൾ





റംസിയ.എസ്

അഖില.സി.എസ്





ഹിബ.എസ്

അൽഫിയ ഫാത്തിമ





കൃഷ്ണപ്രിയ

പ്രീന






**ഫാത്തിമ സുബീർ**

**ഫർസാന**

# ലിറ്റിൽ കൈറ്റ്സ് ജില്ലാ താരങ്ങൾ



ഹിബ.എസ്




ഫാത്തിമ സുബീർ



ഫർസാന

# ലിറ്റിൽ കൈറ്റ്സ് സംസ്ഥാന താരം



ഹിബ.എസ്

# ജെ.ആർ.സി യൂണിറ്റ്



# എഡിറ്റോറിയൽ

‘ലിറ്റിൽ-കൈറ്റ്സ്’’ കുട്ടികളൊരുക്കുന്ന 'പ്രചോദനത്തിന്റെ അഗ്നി’’ മാസികയാണിത്. നമ്മുടെ മാതൃഭാഷയായ മലയാളത്തിലെ വ്യത്യസ്ത കഥകളും, കവിതകളും, ലേഖനങ്ങളെക്കുറിച്ചുമാണ് ഈ മാസികയിലുള്ളത്.

ഇത് കൂടാതെ പൊതുവായ അറിവിനായി ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളും ഈ മാസികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

'ലിറ്റിൽ-കൈറ്റ്സ്' യൂണിറ്റിലെ എല്ലാ അംഗങ്ങളും ചേർന്ന് ഒരുക്കിയ മാസികയാണ് ‘പ്രചോദനത്തിന്റെ അഗ്നി’. വായനക്കാരെ കൂടുതൽ ആകർഷിക്കുന്ന രീതിയിലാണ് ഈ മാസിക പ്രസിദ്ധീകരിക്കുന്നത്.

മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളോട് കൂടുതൽ അടുക്കാനും ഭാഷകളിലെ മികവിനും ഈ മാസിക കൂടുതൽ സഹായകരമാവുന്നു.

എല്ലാ ഭാഷകളേയും സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം എല്ലാവരിലും രൂപപ്പെടുത്തുന്നതിന് 'ലിറ്റിൽ-കൈറ്റ്സ്' കുട്ടികളൊരുക്കുന്ന ‘പ്രചോദനത്തിന്റെ അഗ്നി’.’മാസിക സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഞങ്ങൾ തയ്യാറാക്കിയ വീഡിയോ**

**കാണുന്നതിനായി ഇവിടെ ക്ലിക്ക് ചെയ്യുക:**

സ്കൂൾ എസ്.എസ്.എൽ.സി.വിജയോത്സവം

/home/ymghs21092/Desktop/final vijayolsavam.mp4

സംസ്കൃത വാരാഘോഷം

/home/ymghs21092/Desktop/Sanskrit week.mp4

സ്വാതന്ത്ര്യദിനാഘോഷം

/home/ymghs21092/Desktop/news independence day.mp4

പ്രെസന്റേഷൻ

/home/ymghs21092/Desktop/presentation.mp4

സ്കൂൾ യുവജനോത്സവം

/home/ymghs21092/Desktop/youth festival 2019-20.mp4

# മാഗസിൻ എഡിറ്റേഴ്സ്



അഖില.സി.എസ്



റംസിയ.എസ്



സാനിയ.കെ



രാഖി.എം





അർഷ.എസ്

ശ്രീരഞ്ജിനി.കെ





ദിൽജ.സി.പി

അനീസ.എം





അക്ഷര.കെ

ആരിഫ.എസ്



**ആര്യ.കെ**

# താളുകൾ മറിക്കുമ്പോൾ

1. ബുദ്ധന്റെ ഉപദേശം - തത്ത്വം

2. ഭൂമിക്കൊരു ചരമഗീതം - കവിത

3. മണ്ണും മനുഷ്യനും - കഥ

4. ചന്ദനം - കവിത

5. DEAR MOM – POEM

6. അമ്മത്തൊട്ടിൽ - കവിത

7. പശ്ചിമഘട്ടം - കവിത

8. BANG THE DRUM-POEM

9. LESSON OF LIFE-POEM

10.MY FRIEND – POEM

11.ഉണർവ് - കവിത

12.പാണ്ടൻ നായ് - കവിത

13.പ്രക്രതിയുടെ മക്കൾ-ഉപന്യാസം

14.വിദ്യാലയപഠനം

15.കൂട്ടുകാർ - കവിത

16.നിങ്ങൾ ലോകത്തെന്ത് ചെയ്യ്

17. സൗന്ദര്യലഹരി-കവിത

18.SONG OF A DREAM –POEM

19.അമ്മ -കവിത

20.കേരളകലാമണ്ഡലം

# ബുദ്ധന്റെ ഉപദേശം

ഇന്ത്യയുടെ ആകൃതിയെത്തന്നെ പാടെ

മാറ്റിക്കൊണ്ടിരുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ

പരിവർത്തനങ്ങൾക്ക

പിന്നിൽ,സൂക്ഷമപ്രവർത്തനവും

സ്ഥാപിതങ്ങളായ പൂർവമതങ്ങളുടെ മേൽ അതിന്റെ

ആഘാതവും മതത്തിന്റെ

നിക്ഷിപ്തതാൽപര്യങ്ങളോ-

ടുള്ള അതിന്റെ വഴക്കും

നടന്നുകൊണ്ടിരുന്നു.വിവാദ-

ങ്ങടെയും തർക്കങ്ങളുടെയും മോഹകമായ

ആകർഷ-

ണത്തിന്ന് ഇന്ത്യ എന്നും വിധേയമായിരുന്നുവെങ്കി-

ലും, അവയെക്കാളൊക്കെ എത്രയോ അധികമായി,

ജ്യോതിർമ്മയനായ ഒരു മഹാനുഭവന്റെ

വ്യക്തിവൈ-

ശിഷ്ട്യം ജനങ്ങളുടെ ഉള്ളിൽത്തട്ടിയിരുന്നു.അദ്ദേഹ-

ത്തിന്റെ സ്മരണ അവരുടെ മനസ്സിൽ-

പുത്തനായിരുന്നു.ആത്മീയചിന്തയുടെ

സൂക്ഷമഭേദങ്ങ-

ളിൽ മുഴുകിയിരിക്കുന്നവരെ

സംബന്ധിച്ചിടത്തോണളം

പുരാതനമെങ്കിലും വളരെ പുത്തനും

അച്ചുംബിതവിമാ-

യ ബുദ്ധസന്ദേഷം,ബുദ്ധിശാലികളുടെ ഭാവനയെ-

ഹഠാദാകർഷിച്ചു; അതു ജനഹൃദയങ്ങളുടെ

അഗാധത-

ലങ്ങളിലോളം ചെന്നു.ബുദ്ധൻ തന്റെ ശിഷ്യരോടു

പറ-

ഞ്ഞിരുന്നു; "എല്ലാ നാടുകളിലേക്കും ചെല്ലുക,ഈ

സുവിശേഷം പ്രസംഗിക്കുക.ദരിദ്രരും എളിയനരും

പണക്കാരും മേലാളരും എല്ലാം ഒന്നാണെന്നും
സമുദ്രത്തിൽ നദികളെന്നപോലെ ഈ മതത്തിൽ
എല്ലാ ജാതികളും ഒന്നിച്ചുചേരുന്നുവെന്നും
അവരോടു പറയുക.”അദ്ദേഹത്തിന്റെ സന്ദേശം
സാർവത്രികമായ സൗഹൃദവും എല്ലാറ്റിനോടുമുള്ള
സ്നേ
ഹവുമായിരുന്നു.എന്തുകൊണ്ടെന്നാൽ,”ഒരിക്കലും
ഈ
ലോകത്തിൽ വിദേ ഷംകൊണ്ട് വിദേ ഷം
ഇല്ലാതാകു
ന്നില്ല;സ്നേഹംകൊണ്ട് വിദഷം ഇല്ലാതാവുന്നു” ”മനു
ഷ്യൻ ക്രോധത്തെ കാരുണ്യംകൊണ്ടും തിന്മയെ
നന്മ
കൊണ്ടും ജയിക്കട്ടെ.”

# ഭൂമിക്കൊരു ചരമഗീതം

ഒ.എൻ.വി.കുറുപ്പ്



ഇനിയും മരിക്കാത്ത ഭൂമി-നിന്നാസന്ന
മൃതിയിൽ നിനക്കാത്മശാന്തി!
ഇത് നിന്റെ (എന്റെയും)ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.
മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ
നിഴലിൽ നീ നാളെ മരവിക്കേ
ഉയിരറ്റ നിൻമുഖത്തശ്രു ബിന്ദുക്കളിൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലൊരു,മീ ഞാനും
ഇതു നിനക്കായി ഞാൻ കുറിച്ചിടുന്നു:
ഇനിയും മരിക്കാത്ത ഭൂമി-നിന്നാസന്ന
മൃതിയിൽ നിനക്കാത്മശാന്തി!
പന്തിരുകുലം പെറ്റ പറയിക്കുമമ്മ നീ
എണ്ണിയാൽ തീരാത്ത
തങ്ങളിലിണങ്ങാത്ത
സന്തതികളെ നൊന്തുപെറ്റു!
ഒന്നു മറ്റൊന്നിനെക്കൊന്നു തിന്നുന്നത്
കണ്ണാലെ കണ്ടിട്ടുമൊരുവരും കാണാതെ
കണ്ണീരൊഴുക്കി നീ നിന്നു!
പിന്നെ, നിന്നെതന്നെയല്പാല്പമായ്ത്തിന്നു
തിന്നവർ തിമിർക്കവേയേതും വിലക്കാതെ
നിന്നു നീ സർവംസഹയായ്!
ഹരിതമൃദുകഞ്ചുകം തെല്ലൊന്നു നീക്കി നീ-
യരുളിയ മുലപ്പാൽ കുടിച്ചു തെഴുത്തവർ-
ക്കൊരു ദാഹമുണ്ടായ്.(ഒടുക്കത്തെ ദാഹം)-
തിരുഹൃദയ രക്തം കുടിക്കാൻ!
ഇഷ്ടവധുവാം നിന്നെ സൂര്യനണിയിച്ചൊരാ
ചിത്രപടകഞ്ചുകം ചീന്തി
നിൻ നഗ്നമേനിയിൽ നഖം
താഴ്ത്തി, മുറിവുകളിൽ............

# മണ്ണും മനുഷ്യനും

ചന്ദൻ അധ്വാനിയായ ഒരു കർഷക
തൊഴിലാളിയായിരുന്നു. ശാന്തസ്വരൂപ-
നായ അയാൾ നാട്ടിലേവർക്കും പ്രിയങ്ക-
രനായിരുന്നു. ഭാര്യയും മക്കളുമൊത്ത്
സന്തോഷത്തോടും സമാധാനത്തോടുകൂ-
ടില കഴിയുകയായിരുന്നു അയാൾ. ഒരു
ദിവസം പണിയെടുത്തുകൊണ്ടിരിക്കു-
മ്പോൾ അയാൾ തളർന്നു വീണു. കൂടെയു-
ള്ളവർ അയാളെ ആശുപത്രിയിൽ
എത്തിച്ചു. ചികിത്സ ഒരു വർഷത്തോളം
നീണ്ടു. നാട്ടുകാരുടേയും ബന്ധുജനങ്ങളു-
ടേയും സഹായത്തോടെ ചികിത്സ പൂർത്തിയാക്കി.
ആരോഗ്യം  തിരിച്ചു
ലഭിച്ചപ്പോൾ അയാൾ വീണ്ടും പണിക്കു
പോകാൻ തീരുമാനിച്ചു.മുതലാളിയുടെ

കൃഷിസ്ഥലത്തിലെത്തിയ അയാൾ ഞെട്ടിപ്പോയി
ആ കൃഷിസ്ഥലം ഇപ്പോ-
ൾ മറ്റൊരാൾ വാങ്ങി ഫ്ളാറ്റ് കെട്ടികൊ-
ണ്ടിരിക്കുന്നു. പക്ഷികളുടെ കളകളാരവ-
ത്തിനുപകരം പൊടിയും പുകയും മണ്ണുമാ-
ന്തി യന്ത്രങ്ങളുടെ അലർച്ചയും മാത്രം കേൾക്കാം.

മനുഷ്യൻ മണ്ണിനെ മറന്നു, കൃ-
ഷിയെ മറന്നു, നമ്മുടെ അന്നം മുട്ടിയല്ലോ
എന്നെല്ലാം ഓർത്ത് നെടുവീർപ്പരിട്ടു-
ക്കൊണ്ടിരിക്കുന്ന അയാളെ അകലെ-
നിന്നും വരുന്ന ഒരു മുദ്രാവാക്യ ശബ്ദം
ചിന്തയിൽ നിന്നും ഉണർത്തി. അത്
തൊട്ടടുത്ത സർക്കാർ വിദ്യാലയത്തിലെ
കുട്ടികൾ പരിസ്ഥിതിദിവസവുമായി ബന്ധപ്പെട്ട്
നടത്തിയ പദയാത്രയായി
നടത്തിയ വിദ്യാർത്ഥികൾക്കു പിറകേ
അയാളും മൂകനായി നടന്നു. അപ്പോഴും
അയാളുടെ കവിളിലൂടെ രണ്ട് നീർച്ചാ
ലുകൾ ഒഴുകുന്നുണ്ടായിരുന്നു.

# ചന്ദനം

രാവിലെയീറൻ കെട്ടി
നിന്നുകൊണ്ടരയ്ക്കുന്നു
കാമിനി പാണക്കല്ലിൽ
ചന്ദനം ഇതു കാൺകേ
അന്തരാ കഥിച്ചു ഞാൻ:
ഓമനെ തവ ജീവ-
ചന്ദന സുരഭില-
മല്ലി മാമക ജന്മം.
നിന്റെ  കയ്യെത്താത്തേടം
നിന്റെ  കണ്ണെത്താത്തേടം
നീയാകെയെത്താത്തേടം-

മില്ലയീക്കുടുംബത്തിൽ.
നീ തൊടും പൊട്ടിങ്ങനെ
വിയർപ്പിൽക്കുതിരുമ്പോൾ
ശ്രീദേവി, സഹജീവി-
യായ ഞാനസൂയാലു;
നീയര, ഞരഞ്ഞില്ലാ-
താവുന്ന ദിനംതോറും
സ്വീയമാം സൗരഭ്യവും
നിറവും കുളുർമയും
എനിക്കും കിടാങ്ങൾക്കു-
മങ്ങനെ ലോകത്തിന്നും
കനിഞ്ഞു പകരുന്ന
പരമാനന്ദത്തോടെ.

# Dear Mom

Mom From the time I was really young
I realised I had some one..... you
Who always care
Who always protected me.
Who was always there for me no matter what
You taught me right from wrong
and pushed me to do the right thing
even when it was hard to do
You took care of me when I was sick
and your love helped to make me well
You had rules.
And I learned that when I obeyed them
My life was simpler, better, richer
you were and are
the guilding light of my life
My heart is filled with love for you
My teacher, My friend, My mother.

**JEEJA.R**

# അമ്മത്തൊട്ടിൽ

പിൻസീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടു-
മോരം ചരിഞ്ഞു മടങ്ങിയിരുന്നമ്മ
നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ

നീരാതെ ചേർത്തുവച്ചിട്ടുണ്ട്.

എങ്ങോട്ടുപോകുന്നവെന്ന ചോദിച്ചില്ല,

എന്തിനെന്നും.പക്ഷേ കണ്ണുകൾ കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ

ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ.

ഇപ്പോൾ  വിജനമായീ തെരുവീഥികൾ.
ആകാശഗോപുരങ്ങൾക്കു താഴത്തവ

നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു.

ഇപ്പെരും മാലിന്റെ(ഇപ്പമരുമാലിന്റെ?)

തൊട്ടടുത്തായിട്ടിറക്കിയാളെന്നോർത്തു.
പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ

ശൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു.
ജില്ലശുപത്രിക്കരികിലൊരേയൊരു
രാക്കടമാത്രം ഉറക്കച്ചടവുമായ്

രണ്ടുമൂന്നാളുകളുണ്ടെങ്കലും ,പിന്നി

ലുണ്ട,ഒഴിവു കനത്തൊരിരുളിടം.

പക്ഷേ,പടികളിലെന്തോ തടഞ്ഞുപോയ്.
പണ്ട് പനിച്ചതും അമ്മയെടുത്തുകൊ
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും
അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ

ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപ്പോയ്.

പിന്നെയും മുന്നോട്ട്, വെട്ടമില്ലാളില്ല

കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി

പൊട്ടിക്കരഞ്ഞും ശഠിച്ചും, കുതറിയു-

മെത്തിയതും ഉച്ചയാവോളമമ്മയാ-
ചുറ്റുമതിലിൻ പുറത്തന്നു നിന്നതും

ചങ്കിൽ കരച്ചിൽ കുരുങ്ങിപ്പിടഞ്ഞതും...
പിച്ചിയതാര് കരിഞ്ഞൊരിക്കൈകളോ

പെട്ടെന്നു വാഹനം മുന്നോട്ടു പോകയായ്........

# പശ്ചിമഘട്ടം

മലയിടിക്കുന്ന തീയെറിയുന്ന കൈകളേ
വളരെ വൈകിപ്പോയി കാലം
അറിയുവിൻ മുറിവേറ്റ ശൈലങ്ങൾ
നമ്മൾക്കു
വറുതിയും മൃതിയും വിധിക്കുമല്ലോ
ചൂടുപൊറാഞ്ഞു പൊരിയുമല്ലോ,യിറ്റു
ദാഹജലത്തിനായ് കേഴുമല്ലോ
അല്ലായ്കിൽ ഭാവം പകർന്നീ ഗിരിനിര
കല്ലും മരവും പ്രളയവുമായ്
അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നതെങ്ങോട്ടുനമ്മൾ ?

BY SAHWA AND ANSIYA

# <u>*BANG THE DRUM*</u>

**You and I**
**Together we reach for the sky**
**It's not about winning**
**It's all about playing the game**
**From the East**
**From the West**
**Each of us trying our best**
**Chasing a dream**
**Burning to follow the flame**

**Bang the Drum a little louder**
**So the whole world can hear**
**the whole world can hear**
**Sing the song a little louder**
**So the whole world can hear**
**the whole world can hear**

**From near**
**From far**
**It's clear, Wherever you are**
**This is your moment**
**Your time to run like the wind**
**Dream big**
**Aim high**
**Even believe you can fly**
**Give it your all**
**Let the games begin**

**Bang the drum a little louder**
**So the whole world can hear**
**the whole world can hear**
**Jump up a little higher**
**so the whole world can see ya**
**the whole world can see ya**
**Sing the song a little louder**
**So the whole world can hear**
**the whole world can hear**

**Bang the Drum a little louder**
**For the whole world can hear**
**the whole world to hear**
**Bang the Drum a little louder**
**so the whole world can hear**

**The whole world can hear**
**Sing the song a little louder**
**so the whole world can hear**
**the whole world can hear(repeat)**

**Bang the Drum!....**

# ***LESSON OF LIFE***

**Each chapter that is**

**Ending......**

**Leads you to a new**

**Beginning......**

**The past you are**

**Leaving......**

**Means a future you are**

**Winning......**

**How you meet each**

**Challenge......**

**Determines what you eventually**

**Gain......**

**So Beleive....**
**The only thing that stands**
**between you and what you**

**want from**

**life is only......**
**The faith to beleive**
**that it is possible.**

**BY Sahwa and ansiya**

# ***MY FRIEND***

**My friend ,you dress up my life.**

**You guide me through its rough ronds....**

**Leading me safely to my destinations....**

**friend**

**You make my dreams come true !**

**Friend you are special ......**

**BY Sahwa and ansiya**

# ഉണർവ്വ്

യാത്ര പറഞ്ഞകലാൻ സമയമാകുമ്പോൾ
ഒരുമിക്കുകയില്ലെന്നറിയുമ്പോൾ
എന്റെ നര വീണ സ്വപ്നങ്ങൾ
എല്ലാം ഇരുളിലൂടെ മറയുന്നു
എൻ സ്വപ്നങ്ങൾ യാത്രയാകുന്നു.
ഒഴുകുമീ നദി പോലെ
മുങ്ങിയും പൊങ്ങിയും മറയുമീ
എൻ മൃദുസ്മൃതികൾ
എൻ സ്നേഹം എന്നെന്നും
അറിയാതെ ഉഴലുന്ന നിനക്കായ്
അറിയാമെന്നാകിലും അകലങ്ങളിൽ.

**സഹ്വ നസ്റിൻ, അൻസിയ.**

# പാണ്ടൻ നായ്

“പാണ്ടൻ നായുടെ പല്ലിനു ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല;
പണ്ടിവനൊരു കടിയാലൊരു പുലിയെ-
ക്കണ്ടിച്ചതു ഞാൻ കണ്ടറിയുന്നേൻ;
കാളൻ നായും കാട്ടിൽ വരും പോൾ
കോളല്ലാതൊരു പേടി തുടങ്ങും
വീട്ടിൽ വരുന്നവരെപ്പലരെക്കടി-
കൂട്ടിയ ചണ്ടക്കാരനെ ഞാനൊരു
കൂട്ടിലകത്താക്കി ചങ്ങലയിട്ടകഥ

**SAHWA AND ANSIYA**

# പ്രകൃതിയുടെ മക്കൾ(ഉപന്യാസം)

ഒരമ്മയുടെ കഥ.പ്രകൃതിയാണ് അമ്മ ആ അമ്മയുടെ മക്കളാണ് ലോകത്തിലെ സർവ്വചരാചരങ്ങളും.അവരിൽ ഒരു വിഭാഗമാണ് മനുഷ്യൻ.അമ്മയുടെ മറ്റുമക്കളെല്ലാം അമ്മയെ സ്നേഹിച്ചു.അവരോടൊപ്പം മനുഷ്യനും ആദ്യമൊക്കെ അമ്മയെ സ്നേഹിച്ചു.കാലങ്ങൾ കടന്നുപോയി.മനുഷ്യനാകെ മാറി അവന് ദുരാഗ്രഹം ബാധിച്ചു.സ്വന്തം നേട്ടങ്ങൾ മാത്രം മുൻനിർത്തി അവൻ  അമ്മയെ പോലും ബലി കൊടുത്തു.അമ്മയുടെ സ്രോതസ്സുകളായ മരങ്ങളെയും തടാകങ്ങളെയും കുളങ്ങളെയും പാടങ്ങളെയും നികത്തി അവൻ കെട്ടിടങ്ങൾ പണിതു,ജലസ്രോതസ്സുകൾ മലിനമാക്കിയും, വൈവിധ്യങ്ങൾ നിറഞ്ഞ കാവുകളെ നശിപ്പിച്ചും അവൻ  അവൻെറ പാപങ്ങൾ വർധിപ്പിച്ചു.ഇതിനെ മനുഷ്യർ വികസനം എന്ന പേരു നൽകി.വീണ്ടുംവീണ്ടുമുള്ള മനുഷ്യൻെറ ഈ പാപങ്ങൾ സഹിക്കാൻ കഴിയാതെ വന്നപ്പോൾ അമ്മ സ്നേഹം മറന്നു.അതിൻെറ ഫലമായി ദൈവത്തിൻെറ സ്വന്തം നാട് മഹാപ്രളയത്തെ നേരിടേണ്ടിവന്നു.ഭക്ഷണവും വസ്ത്രവും നഷ്ടപ്പെട്ട് കിടക്കാൻ കിടപ്പാടം ഇല്ലാതെ അവന് കഴിയേണ്ടിവന്നു.അമ്മയുടെ സഹനശക്തി നഷ്ടപ്പെട്ടു.ഒരുകൂട്ടം മനുഷ്യരുടെ ദയനീയാവസ്ഥ ലോകം മുഴുവൻ കണ്ടു.ഇനിയും ദ്രോഹിച്ചാൽ അമ്മ വീണ്ടും തിരിച്ചടി നൽകും എന്നറിയാതെ മനുഷ്യൻ വീണ്ടും പാപങ്ങൾ ചെയ്തു കൂട്ടുന്നു.

ഗുണപാഠം : പ്രകൃതി നമ്മുടെ അമ്മയാണ് . അമ്മയെ സ്നേഹിക്കുക.

സയന

# വിദ്യാലയപഠനം

എൻ വിദ്യാലയ പഠനത്തിൽ

നിന്നു ഞാൻ വിടപറയു-

ന്നൊരു നേരം, ആ നിമിഷമിതാ കടന്നുപോയി

ഞാൻ എൻ സുഹൃത്തുക്കളെ പിരിയുന്നു,

അവരോടൊപ്പം ചിരിച്ചു കളിച്ചു രസിച്ച നിമിഷങ്ങൾ

കടന്നുപോകുന്നു.

നൻമയുടെ നല്ല നിമിഷങ്ങൾ ഇനി വെറും ഔർമകൾ മാത്രം.

നല്ല നിമിഷങ്ങൾ തന്നെ ആ സരസ്വതി

ക്ഷേത്രത്തിനെ തൊട്ടുവന്നിച്ചു ഞാൻ

വിടപറയുന്ന എൻ നിമിഷം

സയന

# കൂട്ടുകാർ

കൂടെ നടക്കുന്നോർ  കൂട്ടുകാരല്ല

കൂടെ ഇരിക്കുന്നോർ കൂട്ടുകാരല്ല

ചിരിക്കുമ്പോൾ കൂടെ ചിരിക്കുവാനും

കരയുമ്പോൾ കൂടെ കരയുവാനും

എന്തിനുമേതിനും കൂടെയുള്ളോർ

**എന്നും ബത്ത സുഹൃത്തുക്കൾ**

## നിങ്ങളെന്ത്

## ലോകത്തെയെന്തു  ചെയ്തു?

**ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ -**
**ക്കിരയുമായിതാ  തിടുക്കത്തിൽ പറ-**
**ന്നണയുന്നു,പെട്ടന്നവൾ നടുങ്ങുന്നു!**
**പിടയുന്നു!ചുറ്റിപ്പറന്നുഴലുന്നു!**
**അവളുടെ വിളി മനുഷ്യഭാഷയിൽ**
**ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു:**
**നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?**

# സൗന്ദര്യലഹരി

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ, യെന്നാലിനിയും തീർന്നില്ലല്ലോ !
ഓരോരോ ദിവസവുമത്യനർഘമായീട്ടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ , പ്രാപഞ്ചികജീവിതത്തിനെ , നമ്മ-
ളെല്ലാരുമിതിൻപേ വെറുത്തുകഴിഞ്ഞേനെ !
പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ  വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചീട്ടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും,ഹാ!  ജീവിതത്തെ മധുരിപ്പിച്ചീടുന്നു !
കുളിർത്ത മണിത്തെന്നൽ  സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവേ:
മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി
മുരളും തേനീച്ചകൾ പറന്നുകളിക്കവേ ;
'വല്ലികാനടികൾ നൽ പല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ ;
അറിയാതവരോടുകൂടി നമ്മളു , മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു .
ഈവിധം മനോഹരവസ്തുക്കളേല്ലാം , നമ്മെ -
“ഉജ്ജീവിക്കു , ജീവിക്കു” കെ , ന്നുദ്ബോധിപ്പിപ്പൂ നിത്യം .

# Song of a Dream

ONCE in the dream of a night I stood
Lone in the light of a magical wood,
Soul-deep in visions that poppy like sprang;
And spirits of Truth were the birds that sang,
And spirits of Love were the stars that glowed,
And spirits of Peace were the streams that flowed
In that magical wood in the land of sleep.

Lone in the light of that magical grove,
I felt the stars of the spirit of Love
Gather and gleam round my delicate youth,
And I heard the song of the spirits of Truth;
To quench my longing I bent me low
By the streams of the spirits of Peace that flow
In that magical wood in the land of sleep.

# അമ്മ

എന് മിഴികളിൽ നിന്നാദ്യമായ് പൊഴിയുന്ന
കണ്ണീരിന് സാക്ഷിയാണമ്മ
കുഞ്ഞിളം ചുണ്ടിൽ നിന്നാദ്യമായ് മൊഴിയുന്ന
വാക്കിന് സാക്ഷിയാണമ്മ
അക്ഷര ലോകത്തിന് അറിവുപകർന്നയെന്
ആദ്യ ഗുരുനാഥയമ്മ
കണ്മഷിയും പൊട്ടും കരിവളയും ചാർത്തി
എന്നെ സുന്ദരിയാക്കുമമ്മ
നിറകണ്ണുമായി ഞാന് സ്കൂളിൽ പോകുമ്പോള്
അറിയാതെ തേങ്ങുമെന്നമ്മ
പൂവൊന്നു വാടിയാൽ നോവുന്ന ഇലകള് പോൽ
ഞാനൊന്നു വാടിയാൽ നോവുമമ്മ
എന് നാവിലുതിർന്നൊരു വാക്കല്ലമ്മ
സ്നേഹത്തിന് നിറകുടമാണമ്മ
ജീവിതപാതയിൽ വെട്ടം വിതറുന്ന
വഴിവിളക്കാണെനിക്കെന്നുമമ്മ

-അക്ഷയ . ആർ

# കുരിട്ടുബുദ്ധിയുള്ള  കൊറ്റി

ഒരിടത്ത് ഒരു സുന്ദരമായ കുളമുണ്ടായിരുന്നു . അതിലെ മത്സ്യങ്ങള് വളരെ സന്തോഷമായി ജീവിച്ചു
അവിടെ ഒരു കൊറ്റി ഉണ്ടായിരുന്നു . ആ കൊറ്റി ദിവസവും ഈ കുളത്തിൽ നിന്നാണ് മീനുകളെ കഴിക്കാറുള്ളത് . കുറേ ദിവസം കഴിഞ്ഞപ്പോള് ആ കൊറ്റിക്ക് വളരെ പ്രായമാകാന് തുടങ്ങി . അങ്ങനെ ഒരു ദിവസം മീനിനെ പിടിക്കാന് കൊറ്റി കുളത്തിൽ നോക്കി നിന്നു . പക്ഷെ മീനിനെ പിടിക്കാന് പറ്റിയില്ല . അതുകാരണം അതിന് വിഷമമായി . കൊറ്റി ഒരു മരച്ചുവട്ടിൽ ഇരുന്ന് വിശ്രമിക്കുമ്പോള് , ഒരു ഞെണ്ട് ചോദിച്ചു ''എന്താ കൊറ്റി ഇന്ന് നീ മീനിനെ കഴിക്കുന്നില്ലേ ?'' ആ കൊറ്റി പറഞ്ഞു , ''എനിക്ക് സങ്കടം വരുന്നു . ഈ കുളം നികത്തി കെട്ടിടങ്ങള് പണിയാന് പോകുന്നു . " അതുകേട്ട  ഞണ്ട് ഉടനെ തൻെറ ചങ്ങാതിമാരായ മീനുകളെ ഈ  കാര്യം അറിയിച്ചു . അപ്പോള് തന്നെ കൊറ്റിക്ക് മനസ്സിലായി , മണ്ടന്മാർ വിശ്വസിച്ചുവെന്ന് . മീനുകള് ഭയത്തോടെ ഇരുന്നു . അവർ കൊറ്റിയോട് ഒരു മാർഗാന്വേഷണം നടത്താന് തീരുമാനിച്ചു . ശേഷം അവർ കൊറ്റിയോട് ചോദിച്ചു . കൊറ്റി പറഞ്ഞു . എനിക്ക് ഇവിടെ നിന്ന് ദൂരെയുള്ള ഒരു ചെറിയ കുളമറിയാം . ഞാന് നിങ്ങളെ അവിടെ കൊണ്ടുപോകാം . പക്ഷെ , ഒരു ദിവസം ഒരു മീനിനെ മാത്രമേ കൊണ്ടുപോകാനാവൂ . എല്ലാവരും            ശരി എന്ന് അഭിപ്രായപ്പെട്ടു . അങ്ങനെ ആ കൊറ്റി ഓരോ ദിവസവും ഒരു  മീനിനെ വീതം കൊണ്ടുപോയി . ഈ കൊറ്റി മീനുകളെ ക

# കേരളകലാമണ്ഡലം

ഭാരതീയ നൃത്തകലകൾ അഭ്യസിപ്പിക്കുന്ന
ഒരു
കലാലയമാണ് കേരളകലാമണ്ഡലം.
മഹാകവി
വള്ളത്തോൾ നാരായണമേനോൻ
മുകുന്ദരാജാ തുടങ്ങിയവരുടെ നേതൃത്വത്തിൽ
കഥകളിയെ പുനരുജ്ജീവിപ്പിക്കുന്നതിനായി
1930 ലാണ് കലാമണ്ഡലം
സ്ഥാപിച്ചത്,കഥകളി കൂടാതെ
മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ,
പഞ്ചവാദ്യം, ഭരതനാട്യം എന്നീ കലകളും
ഇവിടെ അഭ്യസിപ്പിക്കുന്നു. ചെറുതുരത്തി
എന്ന
സ്ഥലത്ത് വള്ളത്തോൾ നഗറിൽ ഈ
വിദ്യാലയം സ്ഥിതിചെയ്യുന്നു. കലാമണ്ഡലം
ഇപ്പോൾ കൽപിത സർവകലാശാലയാണ്.


നന്ദി